# Deepika

## 30 August 2018

## Kuttanad; After flood, Flood Disaster

# 1,368 കോടി രൂപയുടെ വിളനഷ്ടമെന്ന് മന്ത്രി

**ഏറ്റവും കൂടുതൽ കൃഷിനാശം കുട്ടനാട്ടിൽ**

**ആലപ്പുഴ:** സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കൃഷിനാശമുണ്ടായതു കുട്ടനാട്ടിലാണെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽ കുമാർ. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളുടെ ചില ഭാഗങ്ങളിലാണ് ഏറ്റവും വലിയ നാശമുണ്ടായത്. പതിനായിരക്കണക്കിനു ഹെക്ടറിലെ വിരിപ്പു കൃഷിയാണ് പൂർണമായും നശിച്ചത്. ആദ്യഘട്ട കണക്കെടുപ്പിൽ വിളകളുടെ മാത്രം നഷ്ടം 1,368 കോടി രൂപയാണെന്ന് അദ്ദേഹം പറഞ്ഞു. തലവടി-നീരേറ്റുപുറം ഭാഗങ്ങളിലെ ശുചീകരണ സ്ഥലങ്ങൾ സന്ദർശിക്കുകയായിരുന്നു മന്ത്രി.

സുഗന്ധവ്യഞ്ജന കൃഷിയിൽ ഉണ്ടായ നഷ്ടവും വലുതാണ്. തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ വലിയ നാശമാണുണ്ടായത്. വയനാട്, ഇടുക്കി ജില്ലകളിലെ കുരുമുളക് കൃഷി പൂർണമായും നശിച്ചു. വിളകളുടെ നഷ്ടം മാത്രമാണ് ഇപ്പോൾ എടുത്തിരിക്കുന്നത്. കുട്ടനാട് മേഖലയിൽ അറുപതോളം ബണ്ടുകൾ ആദ്യമഴയിൽ തകർന്നുപോയി. അതു പുനഃസ്ഥാപിച്ചുകൊണ്ടിരിക്കുന്ന സമയത്തുണ്ടായ പ്രളയത്തിൽ ബണ്ടുകൾ പൂർണമായും തകർന്നതായി മന്ത്രി പറഞ്ഞു.

കൃഷിയുടെ മൊത്തം നഷ്ടം കണക്കാക്കാൻ ഒരു മാസമെങ്കിലും കഴിയണം. ഇപ്പോഴുള്ള സംവിധാനത്തിൽ നൽകാവുന്ന തുക ഉടൻ വിതരണം ചെയ്യാനാണ് സർക്കാർ തീരുമാനം. അഞ്ചു കോടി രൂപ ആലപ്പുഴ ജില്ലയ്ക്കു ലഭിച്ചിട്ടുണ്ട്. ഇതുടൻ കർഷകരുടെ അക്കൗണ്ടിലെത്തും. പുഞ്ച കൃഷി ആരംഭിക്കാനിരിക്കുന്ന ഒക്ടോബർ മാസത്തേക്കായി വിത്തുകൾ സംഭരിച്ചിട്ടുണ്ട്. 35,000 ഹെക്ടറിലേക്കു പുഞ്ചകൃഷി വർധിപ്പിക്കാൻ കഴിഞ്ഞാൽ ഇപ്പോഴുള്ള കുറവു നികത്താനാകും.

പ്രളയത്തിനുശേഷം മണ്ണിന്റെ ഘടനയിൽ വന്ന മാറ്റം പഠിക്കും. അതിനായി കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ നിയോഗിക്കും. കൃഷി രീതിയിലും മാറ്റംവരും. നഷ്ടപരിഹാരം നൽകുന്നതിനുള്ള കേന്ദ്രസർക്കാറിന്റെ ചട്ടങ്ങളിൽ മാറ്റംവേണം. ഇപ്പോഴുള്ളതു തീരെ തികയാത്ത സ്ഥിതിയാണ്. ഉപാധിരഹിത സഹായമാണ് കേന്ദ്രം അനുവദിക്കേണ്ടത്. കുട്ടനാടിന്റെ രണ്ടാം പാക്കേജ് നമ്മൾ തയാറാക്കുകയാണ്. സ്വാമിനാഥൻ കമ്മീഷന്റെ നിർദേശമനുസരിച്ചു തന്നെയാകും മുന്നോട്ടുപോകുകയെന്നും മന്ത്രി സുനിൽകുമാർ പറഞ്ഞു.